LIBRARY ARCHIVES Kerala Legislative Assembly

എ.ഡി.ബി. സംഘത്തിന്റെ സന്ദർശനം

6 [318] ശ്രീ. ബിനോയ് വിശ്വം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എ.ഡി.ബി.-യുടെ എത്ര സംഘങ്ങൾ സംസ്ഥാനം സന്ദർശിച്ചും എന്നും അവരുടെ സന്ദർശനത്തിനായി സർക്കാർ നാളിതുവരെ എത്ര തുക ചിലവഴിച്ചു എന്നും വ്യക്തമാക്കാമോ;

(ബി) എ.ഡി.ബി.-യുടെ സംഘങ്ങൾ സംസ്ഥാനത്ത് ഔദ്യോഗിക സന്ദർശനം നടത്തുമ്പോൾ അവരുടെ താമസ സൗകര്യം സ്വകാര്യ ഹോട്ടലുകളിലാണോ സർക്കാരിന് കീഴിലുള്ള പൊതുമേഖലാ ടൂറിസ്റ്റ് ആവാസകേന്ദ്രങ്ങളിലാണോ ഏർപ്പെടുത്താറുള്ളതെന്ന് വെളിപ്പെടുത്താമോ;

(സി) എ.ഡി.ബി. സംഘം തലസ്ഥാന നഗരിയിലെ ഏത് സ്വകാര്യ ടൂറിസ്റ്റ് ആവാസകേന്ദ്രത്തിലാണ് താമസിച്ചിട്ടുള്ളതെന്നും അവരുടെ താമസം, ഭക്ഷണം, മറ്റ് ചെലവുകൾ ഇവയ്ക്ക് ഓരോന്നിനും എത്ര തുക വീതം സംസ്ഥാന സർക്കാർ ചെല വഴിച്ചു എന്നും വ്യക്തമാക്കാമോ;

(ഡി) സംസ്ഥാന സർക്കാരിന് കീഴിൽ മെച്ചപ്പെട്ട താമസസൗകര്യങ്ങൾ തലസ്ഥാന നഗരിയിൽ ഉണ്ടെന്നിരിക്കെ സ്വകാര്യ ടൂറിസ്റ്റ് ആവാസകേന്ദ്രങ്ങളിൽ എ.ഡി.ബി. സംഘത്തിനെ താമസിപ്പിച്ചതിന്റെ കാരണം അറിയിക്കാമോ;

(ഇ) മേലിൽ സംസ്ഥാനം സന്ദർശിക്കുന്ന ഡെലിഗേഷനുകളിലെ അംഗങ്ങളെ സർക്കാർ ഉടമസ്ഥതയിലുള്ള ആവാസകേന്ദ്രങ്ങളിൽമാത്രം കഴിവതും താമസിപ്പി ക്കാനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എ.ഡി.ബി.-യുടെ പത്ത് സംഘങ്ങൾ സംസ്ഥാനം സന്ദർശിച്ചിട്ടുണ്ട്. എ.ഡി.ബി. സംഘങ്ങളുടെ യാത്ര, താമസം, ഭക്ഷണം, എന്നിവയ്ക്കുള്ള സജ്ജീകരണങ്ങളും ചെലവും അവർ നേരി ട്ടാണ് വഹിക്കുന്നത് എന്നാൽ അതിഥി സൽക്കാരവുമായി ബന്ധപ്പെട്ട 1,19,940 രൂപ ചെലവായിട്ടുണ്ട്.

(ബി—ഇ) ഉത്തരം 'എ' -യുടെ അടിസ്ഥാനത്തിൽ ഉദിക്കുന്നില്ല.